REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 23-03-2024 സമയം 12.30 PM

## പ്രധാന വാർത്തകൾ

- ഇന്ത്യൻ നാവിക സേന പിടികൂടിയ 35 സൊമാലിയൻ കടൽക്കൊള്ളക്കാരെ മുംബൈ പൊലീസിന് കൈമാറി.
- മോസ്കോ ഭീകരാക്രമണത്തിന്റെ ഉത്തരവാദിത്വം ഭീകര സംഘടനായ ISIS ഏറ്റെടുത്തു.
- ലോക്സഭാ തിരഞ്ഞെടുപ്പ് ഒരുക്കങ്ങൾ വിലയിരുത്തുന്നതിന് സംസ്ഥാന മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസറുടെ നേതൃത്വത്തിൽ കൊച്ചിയിൽ അവലോകന യോഗം പുരോഗമിക്കുന്നു.
- IPL ക്രിക്കറ്റിൽ ഇന്ന് രണ്ട് മത്സരങ്ങൾ.
- ഐ ലീഗ് ഫുട്ബോളിൽ ഗോകുലം കേരളാ FC, ഇന്ന് ഡൽഹി FC-യെ നേരിടും.

## വാർത്തകൾ വിശദമായി

അറബിക്കടലിലെ ഗൾഫ് ഓഫ് ഏദൻ മേഖലയിൽ നിന്ന് പിടികൂടിയ സൊമാലിയൻ കടൽക്കൊള്ളക്കാരെ നാവികസേന മുംബൈയിലെത്തിച്ച് പൊലീസിന് കൈമാറി. ഇവർക്കെതിരെ മുംബൈ പൊലീസ് തുടർ നിയമ നടപടികൾ സ്വീകരിക്കും. 35 കടൽ കൊള്ളക്കാരുമായി രാവിലെയാണ് കപ്പൽ മുംബൈ തുറമുഖത്തെത്തിയത്.

കടൽക്കൊള്ളക്കാരെ സാഹസികമായ നടപടിയിലൂടെ നാവിക സേന കീഴടക്കുകയായിരുന്നു.

കടൽക്കൊള്ളക്കാർക്കെതിരായ നൂറ് ദിവസ നടപടിയിലൂടെ 45 ഇന്ത്യക്കാരെയും 65 രാജ്യാന്തര പൗരന്മാരെയും രക്ഷപ്പെടുത്തിയതായി നാവിക സേനാ മേധാവി അഡ്മിറൽ R.ഹരികുമാർ അറിയിച്ചു. കപ്പൽ റാഞ്ചലുമായി ബന്ധപ്പെട്ട 13 സംഭവങ്ങളിൽ നാവിക സേന ഇടപെട്ടതായും നാവികസേന അറിയിച്ചു.

✪✪✪

ഭൂട്ടാനിലെ തിംഫുവിൽ ഇന്ത്യാ ഗവൺമെന്റിന്റെ സഹായത്തോടെ നിർമ്മിച്ച സ്ത്രീകളുടെയും കുട്ടികളുടെയും അത്യാധുനിക ആശുപത്രി പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്തു. ഭൂട്ടാൻ പ്രധാനമന്ത്രി ഷെറിംഗ് ടോബ്ഗേയും ചടങ്ങിൽ പങ്കെടുത്തു.

✪✪✪

റഷ്യൻ തലസ്ഥാനം മോസ്കോയിലെ ഭീകരാക്രമണത്തിന്റെ ഉത്തരവാദിത്വം ISIS ഖൊറാസൻ ഏറ്റെടുത്തു. സംഗീത പരിപാടി നടത്തിയിരുന്ന ഓഡിറ്റോറിയത്തിലെ ആക്രമണത്തിൽ 60-ലേറെ ആളുകൾ മരിച്ചതായാണ് റിപ്പോർട്ട്. ലോക രാഷ്ട്രങ്ങളും ഐക്യരാഷ്ട്ര സംഘടനയും മറ്റ് ആഗോള സംഘടനകളും ഭീകരാക്രമണത്തെ നിശിതമായി അപലപിച്ചു.

മോസ്കോയിലുണ്ടായ ഭീകരാക്രമണത്തെ പ്രധാനമന്ത്രി നരേന്ദ്രമോദി അപലപിച്ചു. ഇന്ത്യയുടെ ചിന്തകളും

പ്രാർത്ഥനകളും ഇരകളുടെ കുടുംബങ്ങൾക്കൊപ്പമുണ്ടെന്ന് അദ്ദേഹം സോഷ്യൽ മീഡിയ പോസ്റ്റിൽ പറഞ്ഞു.

✪✪✪

BJP കേന്ദ്ര തെരഞ്ഞെടുപ്പ് സമിതി ന്യൂഡൽഹിയിൽ ഇന്ന് യോഗം ചേർന്ന് കൂടുതൽ ലോക്സഭാ സ്ഥാനാർത്ഥികളെ പ്രഖ്യാപിക്കും. പ്രധാനമന്ത്രി നരേന്ദ്രമോദിയും പാർട്ടി ദേശീയ അധ്യക്ഷൻ J.P നദ്ദയും ആഭ്യന്തര മന്ത്രി അമിത് ഷായും സമിതിയംഗങ്ങളും യോഗത്തിൽ പങ്കെടുക്കും. പാർട്ടി ആസ്ഥാനത്താണ് യോഗം.

✪✪✪

തൃണമൂൽ കോൺഗ്രസ് നേതാവും മുൻ M.P യുമായ മഹുവ മൊയ്ത്രയുടെ പണം വാങ്ങി ചോദ്യ- കേസുമായി ബന്ധപ്പെട്ട് കൊൽക്കത്ത ഉൾപ്പെടെ സ്ഥലങ്ങളിൽ CBI പരിശോധന നടത്തുകയാണ്. ലോക്പാലിന്റെ നിർദേശപ്രകാരം അവർക്കെതിരെ CBI എഫ്ഐആർ രജിസ്റ്റർ ചെയ്തിരുന്നു. ആറ് മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കാനാണ് സിബിഐയോട് നിർദ്ദേശിച്ചത്.

✪✪✪

ജാർഖണ്ഡ് - തെലങ്കാന ഗവർണർ C.P.രാധാകൃഷ്ണൻ പുതുച്ചേരി ലെഫ്റ്റനന്റ് ഗവർണറായി ചുമതലയേറ്റു. പുതുച്ചേരിയിലെ രാജ്നിവാസിലെ സത്യപ്രതിജ്ഞാ ചടങ്ങിൽ മദ്രാസ് ഹൈക്കോടതി ചീഫ് ജസ്റ്റിസ് എസ്.വി.ഗംഗാപൂർവാല സത്യവാചകം ചൊല്ലിക്കൊടുത്തു.

✪✪✪

ഊർജ സംരക്ഷണത്തിനായി ആഗോളജനത ഒരുമിക്കുന്ന ഭൗമ മണിക്കൂർ ആചരണം ഇന്ന്. രാത്രി എട്ടരമുതൽ ഒരു മണിക്കൂർ അനിവാര്യമല്ലാത്ത വൈദ്യുതി വിളക്കുകൾ അണച്ചാണ് ഭൗമ മണിക്കൂറിൽ പങ്കാളികളാകേണ്ടത്.

✪✪✪

ലോക്സഭാ തിരഞ്ഞെടുപ്പ് ഒരുക്കങ്ങൾ വിലയിരുത്തുന്നതിന് സംസ്ഥാന മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസറുടെ നേതൃത്വത്തിൽ കൊച്ചിയിൽ അവലോകന യോഗം പുരോഗമിക്കുന്നു. രാവിലെ ആരംഭിച്ച യോഗത്തിൽ ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട് ജില്ലകളിലെ ജില്ലാ തെരഞ്ഞെടുപ്പ് ഓഫീസർ, പോലീസ് കമ്മീഷണർമാർ, ജില്ലാ പോലീസ് മേധാവികൾ, അസിസ്റ്റന്റ് റിട്ടേണിംഗ് ഓഫീസർമാർ, തുടങ്ങിയവർ പങ്കെടുക്കുന്നുണ്ട്.

✪✪✪

പൗരത്വ ഭേദഗതി നിയമ വിഷയത്തിൽ കോൺഗ്രസിന്റെ ദേശീയ നേതൃത്വം നിലപാട് വ്യക്തമാക്കണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ ആവശ്യപ്പെട്ടു. കോഴിക്കോട് കടപ്പുറത്ത് ബഹുജന റാലി ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി. LDF-നും സംസ്ഥാന ഗവൺമെന്റിനും ഒരു തരത്തിലും ഒളിച്ചുകളിയില്ലെന്നും ഇക്കാര്യത്തിൽ ശക്തമായ നിലപാടുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി.

പൗരത്വ നിയമ ഭേദഗതിക്കെതിരെ വൈകിട്ട് കാഞ്ഞങ്ങാട്ട് റാലി സംഘടിപ്പിക്കും. മുഖ്യമന്ത്രി റാലി ഉദ്ഘാടനം ചെയ്യും.

✪✪✪

ലോകസഭ തെരഞ്ഞെടുപ്പ് ജോലികൾക്ക് നിയോഗിക്കേണ്ട ഉദ്യോഗസ്ഥരുടെ വിവരങ്ങൾ ഇനിയും നൽകിയിട്ടില്ലാത്ത സ്ഥാപന മേധാവികൾക്കെതിരെ ജനപ്രാതിനിധ്യ നിയമപ്രകാരം കർശന നടപടി സ്വീകരിക്കാൻ കോഴിക്കോട് ജില്ലാ കലക്ടർ ഉത്തരവിട്ടു.

ജീവനക്കാരുടെ പേര് വിവരം ഇലക്ഷൻ കമ്മീഷന്റെ സോഫ്റ്റ് വെയർ വഴി സമർപ്പിക്കാത്ത സ്ഥാപനങ്ങൾ ഇന്ന് തന്നെ വിവരങ്ങൾ നൽകണമെന്ന് ജില്ലാ ഇലക്ഷൻ ഓഫീസർ അറിയിച്ചു.

✪✪✪

ലോക്സഭാ തിരഞ്ഞെടുപ്പിൽ പോളിങ് ബൂത്തുകളിൽ നിയോഗിക്കുന്ന ജീവനക്കാരുടെ ഡാറ്റ തിരഞ്ഞെടുപ്പ് കമ്മീഷൻ സൈറ്റിൽ ഇന്ന് ഉച്ചയ്ക്ക് രണ്ടിനകം പൂർത്തിയാക്കണമെന്ന് ജില്ലാ ഇലക്ഷൻ ഓഫീസർ കൂടിയായ മലപ്പുറം ജില്ലാ കളക്ടർ അറിയിച്ചു. നടപടി പൂർത്തിയാക്കാത്തവർക്കെതിരെ ജനപ്രാതിനിധ്യ നിയമ പ്രകാരം നടപടി എടുക്കുമെന്ന് കളക്ടർ മുന്നറിയിപ്പ് നൽകി.

✪✪✪

ലോക്സഭാ തിരഞ്ഞെടുപ്പ് ജോലികളിൽ ഏർപ്പെടുന്ന ജീവനക്കാർക്കായി മലപ്പുറം - പൊൻമള BRC-യിലെ ഭിന്നശേഷി വിദ്യാർഥികൾ നിർമ്മിച്ച തിരിച്ചറിയൽ കാർഡുകൾ ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർ കൂടിയായ ജില്ലാ കളക്ടർ V.R.വിനോദിന് കൈമാറി. റീഹാബിലിറ്റേഷൻ സെന്ററിലെ

മുപ്പത്തിരണ്ട് വിദ്യാർത്ഥികൾ ചേർന്ന് ആയിരത്തോളം കാർഡുകളാണ് നിർമ്മിച്ച് കൈമാറിയത്.

✪✪✪

ത്രികോണ മത്സരത്തിന് വേദിയൊരുങ്ങുന്ന തൃശൂർ ലോക്സഭാ മണ്ഡലത്തിൽ തെരഞ്ഞെടുപ്പ് പ്രചാരണ പരിപാടികൾ പുരോഗമിക്കുന്നു. മൂന്ന് മുന്നണികളും ശക്തരായ സ്ഥാനാർത്ഥികളെയാണ് രംഗത്തിറക്കിയിരിക്കുന്നത്. അതുകൊണ്ട് തന്നെ മത്സരം ചൂടേറിയതായിരിക്കും.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി തൃശൂർ ജില്ലാ പ്രതിനിധി ഭരിതാ പ്രതാപ്..........

............വോയ്സ്............

✪✪✪

തലസ്ഥാന ജില്ലയായ തിരുവനന്തപുരത്ത് തെരഞ്ഞെടുപ്പ് പ്രചാരണം സജീവമായി തുടരുന്നു. ത്രികോണ മത്സരം നടക്കുന്ന തിരുവനന്തപുരം ലോക് സഭാ മണ്ഡലത്തിൽ മൂന്ന് മുന്നണികളുടെയും ചൂടേറിയ തെരഞ്ഞെടുപ്പ് പ്രചാരണമാണ് നടക്കുന്നത്.

സിറ്റിംഗ് MP-യും UDF സ്ഥാനാർത്ഥിയുമായ ശശി തരൂർ മണ്ഡലത്തിലെ വിവിധ സ്ഥലങ്ങളിൽ ഇന്ന് പര്യടനം നടത്തും. തുടർന്ന് വിവിധ തെരഞ്ഞെടുപ്പ് പ്രചാരണ പരിപാടികളിലും ശശി തരൂർ പങ്കെടുക്കും.

LDF സ്ഥാനാർത്ഥി പന്ന്യൻ രവീന്ദ്രൻ കഴക്കൂട്ടം മണ്ഡലത്തിൽ പര്യടനം നടത്തുകയാണ്. പ്രചാരണത്തിന്റെ ഭാഗമായി രാവിലെ ചലച്ചിത്ര സംവിധായകൻ അടൂർ ഗോപാലകൃഷ്ണനെ അദ്ദേഹം സന്ദർശിച്ചു. വിവിധ സ്ഥാപനങ്ങളും ആരാധനാലയങ്ങളും ഇന്ന് പന്ന്യൻ രവീന്ദ്രൻ സന്ദർശിക്കും. ഉച്ച കഴിഞ്ഞ് മെഡിക്കൽ കോളജ് ക്യാംപസും അദ്ദേഹം സന്ദർശിക്കും. രാത്രി കഴക്കൂട്ടത്ത് ഇടത് യുവജന സംഘടനകളുടെ പൗരത്വ ഭേദഗതി നിയമത്തിനെതിരായ നൈറ്റ് മാർച്ചിലും പന്ന്യൻ രവീന്ദ്രൻ പങ്കെടുക്കും.

NDA സ്ഥാനാർത്ഥി രാജീവ് ചന്ദ്രശേഖർ മണ്ഡലത്തിലെ പ്രചാരണ പരിപാടികളിൽ പങ്കെടുത്തു വരികയാണ്. കാമുകിൻകോട് ദുർഗാ ദേവി ക്ഷേത്രം, P.N പണിക്കർ ഫൌണ്ടേഷൻ തുടങ്ങി തുടങ്ങിയ സ്ഥലങ്ങളിൽ അദ്ദേഹം പര്യടനം നടത്തും. മണ്ഡലത്തിലെ വിവിധ പ്രചാരണ പരിപാടികളിലും അദ്ദേഹം പങ്കെടുക്കും.

✪✪✪

കൊല്ലം പാർലമെന്റ് മണ്ഡലത്തിൽ UDF സ്ഥാനാർത്ഥി N.K പ്രേമചന്ദ്രന്റെ പ്രചാരണം മൂന്നാം ഘട്ടത്തിലേക്ക് കടന്നു. കുണ്ടറ, ഇരവിപുരം മണ്ഡലങ്ങളിലാണ് ഇന്നത്തെ പര്യടനം.

LDF സ്ഥാനാർത്ഥി M. മുകേഷിന്റെ ഇന്നത്തെ സന്ദർശനം കൊല്ലം നിയോജക മണ്ഡലത്തിൽ പുരോഗമിക്കുന്നു.

സ്ഥാനാർത്ഥിയെ പ്രഖ്യാപിക്കാത്ത NDA തെരഞ്ഞെടുപ്പിന് മുന്നോടിയായി നിയോജക മണ്ഡലതല നേതൃയോഗങ്ങൾ പൂർത്തിയാക്കി.

✪✪✪

ലോക്സഭാ തെരഞ്ഞെടുപ്പിൽ അട്ടപ്പാടി മേഖലയിൽ നൂറുശതമാനം പോളിങ് ഉറപ്പാക്കുന്നതിന് പോസ്റ്റ് കാർഡ് കാമ്പയിൻ സംഘടിപ്പിക്കുന്നു.

വോട്ടിങിന്റെ പ്രാധാന്യം വ്യക്തമാക്കി ഊരുമൂപ്പന്മാർക്ക് ജില്ലാ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥയും പാലക്കാട് ജില്ലാ കലക്ടറുമായ ഡോ. S. ചിത്ര കത്തെഴുതിയാണ് ക്യാമ്പയിൻ സംഘടിപ്പിക്കുന്നത്. വിവിധ ഇലക്ഷൻ ലിറ്ററസി ക്ലബിലെ കുട്ടികൾ അട്ടപ്പാടിയിലെ 193 ഊരുകളും സന്ദർശിച്ച് ഊര് മൂപ്പന്മാർക്ക് കത്തുകൾ കൈമാറും.

✪✪✪

IPL ക്രിക്കറ്റിൽ ഇന്ന് രണ്ട് മത്സരങ്ങൾ. ഉച്ച കഴിഞ്ഞ് 3.30 ന് മൊഹാലിയിൽ ഡൽഹി കാപ്പിറ്റൽസ് പഞ്ചാബ് കിംഗ്സി നെ നേരിടും.കൊൽക്കത്തയിൽ വൈകിട്ട് ഏഴരയ്ക്ക് കൊൽക്കത്ത നൈറ്റ് റൈഡേഴ്സ്, സൺറൈസേഴ്സ് ഹൈദരാബാദുമായി മത്സരിക്കും.

✪✪✪

ഐ ലീഗ് ഫുട്ബോളിൽ ഗോകുലം കേരളാ FC, ഇന്ന് ഡൽഹി FC-യെ നേരിടും. രാത്രി ഏഴിന് കോഴിക്കോട് കോർപ്പറേഷൻ EMS സ്റ്റേഡിയത്തിലാണ് മത്സരം. 21 കളിയിൽ 36 പോയിന്റുമായി ഗോകുലം അഞ്ചാമതാണ്.

മറ്റൊരു മത്സരത്തിൽ ഉച്ചകഴിഞ്ഞ് രണ്ടിന് കൊൽക്കത്ത മുഹമ്മദൻസ്, റിയൽ കശ്മീരിനെ നേരിടും.

✪✪✪

സ്വിസ് ഓപ്പൺ ബാഡ്മിന്റൻ പുരുഷ സിംഗിൾസ് സെമി ഫൈനലിൽ ഇന്ന് മലയാളി താരം കിഡംബി ശ്രീകാന്ത് ലിൻ ചുൻ-യിയെ നേരിടും. ഇന്നലെ ക്വാർട്ടറിൽ ലീ ചിയാ ഹാവോയെ തോല്പിച്ചാണ് ശ്രീകാന്ത് സെമിയിലെത്തിയത്.

✪✪✪

മലപ്പുറം ജില്ലയിൽ ഡെങ്കിപ്പനി കൂടുതലായി റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ ജനങ്ങൾ പ്രത്യേക ശ്രദ്ധ പുലർത്തണമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ആർ രേണുക അറിയിച്ചു.

ജനുവരി മുതൽ ഇതുവരെ ജില്ലയിൽ സ്ഥിരീകരിച്ച 469 ഡെങ്കിപ്പനി കേസുകളും സംശയാസ്പദമായ 581 കേസുകളുമാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

✪✪✪

കണ്ണൂർ മട്ടന്നൂർ കോളാരി കൊക്കയിൽ മോഷ്ടിച്ച ചന്ദന തടികൾ പോലീസിനെ കണ്ട് റോഡിൽ ഉപേക്ഷിച്ച് കടന്നുകളഞ്ഞവരിൽ ഒരാൾ കൂടി പിടിയിലായി. മട്ടന്നൂർ നെല്ലൂന്നിയിലെ വിഷ്ണു ആണ് പിടിയിലായത്.ഈ മാസം 14 ന് പുലർച്ചെയായിരുന്നു സംഭവം.

✪✪✪

സ്വർണ വില കുറഞ്ഞു. പവന് 80 രൂപ കുറഞ്ഞ് 49,000 രൂപയായി. ഗ്രാമിന് 6,125 രൂപയാണ് ഇന്നത്തെ വില.

✪✪✪